# മനുഷ്യനും ഉത്തരവാദിത്തങ്ങളും

[ Malayalam ]

# مسؤولية الإنسان

[ باللغة مليالم ]


ഉസ്മാൻ പാലക്കാഴി

عثمان بالكازي



നിച്ച് ഓഫ് ട്രൂത്ത്, കേരള

جمعية مشكاة الحق – كيرلا – الهند

بسم الله الرحمن الرحيم

സംസാരിക്കാൻ കഴിയുന്ന, പുരോഗതി പ്രാപിക്കാൻ കഴിയുന്ന ഏകജീവി എന്നതല്ല, മറിച്ച് ഏറെ ഉത്തരവാദിത്തങ്ങളുള്ള ജീവി എന്നതാണ് മനുഷ്യനെക്കുറിച്ച ഇസ്ലാ മിക വീക്ഷണം. ഇതര ജീവികളെപ്പോലെ ആത്മരക്ഷയും അതിജീവനവും വംശോൽപാദനവും മാത്രമാണ് മനുഷ്യ ജീവിതത്തിന്റെയും ലക്ഷയ്മെന്ന ഭൗതികവാദസിദ്ധാന്തത്തെ ഇസ്ലാം തികച്ചും നിരാകരിക്കുന്നു.

## മനുഷ്യൻ ചോദിക്കപ്പെടും

മനുഷ്യൻ ഒരു സൃഷ്ടിയാണ്; പ്രപഞ്ചത്തിലെ അനേകകോടി ജീവജാല ങ്ങൾക്കിടയിലെ ഒരു സൃഷ്ടി. മറ്റു ജീവികൾക്കാന്നുമില്ലാത്ത മേന്മകൾ അവനു നൽകപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ അതിനുള്ള നന്ദിയായി സ്രഷ്ടാവിന്റെ വിധി വിലക്കുകൾ പാലിച്ചുകൊണ്ടാണ് അവൻ ജീവിക്കേണ്ടത്. കുറെയേറെ ഉത്തരവാദിത്തങ്ങൾ സ്രഷ്ടാവ് അവനെ ഏൽപിച്ചിട്ടുണ്ട്. എന്നാൽ അവയൊന്നുംതന്നെ അവന്റെ കഴിവിൽപെടാത്തതല്ല. അവന് ചെയ്യാൻ സാധിക്കുന്നതേ അവനോട് ദൈവം കൽപിക്കു ന്നുള്ളൂ. വിശുദ്ധ ഖുർആൻ പറയുന്നു:

"അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽപെട്ടതല്ലാതെ നിർബന്ധിക്കുകയില്ല" (65:7).

തന്നിൽ അർപിതമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റിയോ ഇല്ലേ എന്ന് മനുഷ്യൻ ചോദിക്കപ്പെടും. "നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കു ന്നതിനെപ്പറ്റി നിങ്ങൾ ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യും" (16:93).

"അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി അവരെ മുഴുവൻ നാം ചോദ്യം ചെയ്യുകതന്നെ ചെയ്യും" (15:92,93).

ഓരോ വ്യക്തിയും ചെയ്തുതീർക്കേണ്ട ബാധ്യതകൾ അവരവർ തന്നെ ചെയ്തു തീർക്കേണ്ടതുണ്ട്. അതിനെക്കുറിച്ച് മറ്റാരുംതന്നെ ചോദിക്ക പ്പെടുകയില്ല. ഓരോരുത്തരും അവരവരുടെ കർമഫലങ്ങളിൽ ബന്ധിതരാണ്.

"ഏതൊരു മനുഷ്യനും താൻ സമ്പാദിച്ചുവെച്ചതിന് (സ്വന്തം കർമങ്ങ ൾക്ക്) പണയം വെക്കപ്പെട്ടവരാകുന്നു" (52:21).

"മനുഷ്യന് താൻ പ്രയത്നിച്ചതല്ലാതെ മറ്റൊന്നുമില്ല" (53:39).

## അന്യരുടെ കർമങ്ങളെക്കുറിച്ച് ഒരാളും ചോദിക്കപ്പെടുകയില്ല.

"അത് കഴിഞ്ഞുപോയ സമുദായമാകുന്നു. അവർ പ്രവർത്തിച്ചതിന്റെ ഫലം അവർക്കാകുന്നു. നിങ്ങൾ പ്രവർത്തിച്ച തിന്റെ ഫലം നിങ്ങൾക്കും. അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി നിങ്ങൾ ചോദ്യംചെയ്യപ്പെടുന്നതല്ല" (2:134).

## അന്യരുടെ പാപഭാരം വഹിക്കേണ്ടി വരില്ല

"പാപഭാരം വഹിക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം വഹിക്കുകയില്ല" (39:27, 53:38).

സ്രഷ്ടാവിന്റെ മുമ്പാകെ താൻ ചോദ്യം ചെയ്യപ്പെടും എന്ന ബോധം തന്റെ പ്രവർത്തനങ്ങളിൽ ജാഗ്രത പാലിക്കാനും സൂക്ഷ്മത പുലർത്താനും വീഴ്ച വരുത്താതിരിക്കാനും മനുഷ്യനെ പ്രേരിപ്പിക്കുന്നു.

## അനുയോജ്യമായ പ്രതിഫലം

ഐഹിക ലോകത്ത് പലപ്പോഴും കൃത്യ നിർവഹണത്തിന് തക്കതായ പ്രതിഫലം കിട്ടാറില്ല. മാത്രമല്ല, പലപ്പോഴുംവഞ്ചിക്കപ്പെടുകയും ചെയ്യും. എന്നാൽ സ്രഷ്ടാവ് തന്നിലേൽപിച്ച ഉത്തരവാദിത്തങ്ങൾ നിറവേറ്റിയാൽ അവൻ വാഗ്ദാനം ചെയ്ത പ്രതിഫലം മനുഷ്യന് ലഭിക്കുകതന്നെ ചെയ്യും; അവൻ ഒരിക്കലും വഞ്ചിക്കപ്പെടുകയില്ല; അണുത്തൂക്കം അക്രമിക്കപ്പെടുകയുമില്ല. വിശുദ്ധ ഖുർആൻ പറയുന്നു: "അന്നേദിവസം യാതൊരാളും ഒട്ടും അനീതി ചെയ്യപ്പെടുകയില്ല. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതല്ലാതെ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുകയുമില്ല" (36:54).

"അന്ന് അല്ലാഹു അവർക്ക് അവരുടെ യഥാർത്ഥ പ്രതിഫലം നിറവേറ്റി ക്കൊടുക്കുന്നതാണ്" (24:25).

## സദാ നിരീക്ഷിക്കപ്പെടുന്നവൻ

ഭൗതിക നിയമവ്യവസ്ഥകളിൽ മനുഷ്യന് തന്റെ ഉത്തരവാദിത്തങ്ങളിൽനിന്ന് ഓടിയൊളിക്കാൻ പഴുതുകളേറെയു ണ്ട്. ഒരിക്കലും ശിക്ഷിക്കപ്പെടുകയുമില്ല. നിരീക്ഷിക്കാൻ

ആളുണ്ടെങ്കിൽ മാത്രം ജോലിയെടുക്കാം. ഉപജാപക പ്രവർത്തനങ്ങളിൽ ഏർപ്പെടാം. അഴിമതിയും കൈക്കൂലിയും പിടിച്ചുപറിയുമൊക്കെ ദിനചര്യയാക്കാം. പിടിക്കപ്പെടാതിരുന്നാൽ മതി. അഥവാ പിടിക്കപ്പെട്ടാലും സമർഥമായി രക്ഷപ്പെടാൻ കുറുക്കുവഴികളേറെയുണ്ട്. എന്നാൽ സൂക്ഷ്മതയോടെ ജീവിക്കുന്ന ഒരു മുസ്ലിമിന് ഇതിനു സാധ്യമല്ല. തന്റെ പ്രവർത്തനങ്ങളും സംസാരങ്ങളും ചിന്തകൾപോലും സർവശക്തനായ സ്രഷ്ടാവ് അറിയുന്നുണ്ട് എന്നതും സ്രഷ്ടാവ് ചുമതലപ്പെടുത്തിയ മലക്കുകൾ അതൊക്കെ രേഖപ്പെടുത്തി വെക്കുന്നുണ്ട് എന്നതും ഒരു വിശ്വാസിയെ വിനയാന്വിതനും സൂക്ഷ്മത പുലർത്തുന്നവനും ഉത്തരവാദിത്ത നിർവഹണത്തിലുള്ള പരാജയം തന്നെ ശാശ്വത പരാജയത്തിലേക്ക് നയിക്കുമല്ലോ എന്ന ഭീതിയുള്ളവനാക്കിതീർക്കുകയും ചെയ്യും. വിശുദ്ധ ഖുർആൻ പറയുന്നു: "അവർ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവന്റെ അടുത്ത് തയാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാകാതിരിക്കുകയില്ല" (50:17,18).

"തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു. അവന്റെ മനസ്സ് മന്ത്രിച്ചുകൊണ്ടിരിക്കുന്നത് നാം അറിയുകയും ചെയ്യും. നാം അവ ന്റെ കണ്ഠനാഡിയെക്കാൾ അവനോട് അടുത്തവനും ആകുന്നു" (50:16).

## മനുഷ്യനും വിജ്ഞാനവും

വിജ്ഞാന തൃഷ്ണയുള്ളവനായാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിരി ക്കുന്നത്. വിജ്ഞാന സമ്പാദനത്തിന്നാവശ്യമായ സൌകര്യങ്ങൾ അല്ലാഹു മനുഷ്യന് നൽകിയിട്ടുണ്ട്. മുഹമ്മദ് നബി (സ)ക്ക് ആദ്യമായി ലഭിച്ച ദിവ്യ സന്ദേശംതന്നെ വിജ്ഞാനവുമായി ബന്ധപ്പെട്ടതാണ്. "സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക. നിന്റെ രക്ഷിതാവ് പേനകൊണ്ട് പഠിപ്പിച്ചവനായ അത്യുദാരനാകുന്നു. മനുഷ്യ ന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു" (96:1-5).

എഴുതി സൂക്ഷിച്ചുകൊണ്ട് വിജ്ഞാനം സമ്പാദിക്കാനും സംഭരിക്കാനും മുമ്പ് അറിഞ്ഞുകൂടാത്തത് മനസ്സിലാക്കാനുള്ള കഴിവ് മനുഷ്യന് സ്രഷ്ടാ വ് നൽകിയിരിക്കുന്നുവെന്നും ഇത് അങ്ങേയറ്റത്തെ ഔദാര്യമാണെന്നും ഈ സൂക്തങ്ങൾ വ്യക്തമാക്കുന്നു". കാണുവാനും കേൾക്കുവാനും ചിന്തിക്കുവാനും

മനസ്സിലാക്കുവാനും ഗവേഷണം ചെയ്യുവാനുമുള്ള കഴിവുകൾ അല്ലാഹു മനുഷ്യന് നൽകി. പിറന്നു വീഴുമ്പോൾ അവന് ഇതിനൊന്നും കഴിവുണ്ടായിരുന്നി ല്ല. വിശുദ്ധ ഖുർആൻ പറയുന്നു: "നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽനിന്ന് നിങ്ങൾക്ക് യാതൊന്നും അറിഞ്ഞുകൂടാത്ത അവസ്ഥയിൽ അല്ലാഹു നിങ്ങളെ പുറത്തു കൊണ്ടുവന്നു. നിങ്ങൾക്ക് അവൻ കേൾവിയും കാഴ്ചകളും ഹൃദയ ങ്ങളും നൽകുകയും ചെയ്തു. നിങ്ങൾ നന്ദിയുള്ളവരാ യിരിക്കാൻ വേണ്ടി" (6:78).

അല്ലാഹു നൽകിയ ഇത്തരം അനുഗ്രഹങ്ങളെ ശരിക്ക് ഉപയോഗ പ്പെടുത്താതെ നിരുത്തരവാദപരമായി ജീവിക്കുന്ന വരെക്കുറിച്ച് ഖുർആൻ പറയുന്നു: "അവർക്ക് മനസ്സുക ളുണ്ട്. അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല. അവർക്ക് കണ്ണുകളുണ്ട്. അതുപയോഗിച്ച് അവർ കണ്ട റിയുകയില്ല. അവർക്ക് കാതുകളുണ്ട്. അതുകൊണ്ട് അവർ കേട്ടു മനസ്സിലാക്കുകയില്ല. അവർ കാലികളെ പോലെ യാണ്. അല്ല, അവരാണ് കൂടുതൽ പിഴച്ചവർ. അവർതന്നെ യാണ് അശ്രദ്ധർ" (7:179).

ഊഹത്തെ മാത്രം അവലംബിച്ച് ഒന്നും ചെയ്യരുതെന്നും ഖണ്ഡിതമായ അറിവുലഭിച്ചശേഷമെ ഏതു കാര്യത്തിലും നടപടി സ്വീകരിക്കാവൂ എന്നും മനുഷ്യനെ അല്ലാഹു അറിയിക്കുകയും കണ്ണും കാതും ഹൃദയ വുമൊക്കെ ചോദ്യം ചെയ്യപ്പെടുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു:

"നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെ പ്പറ്റിയെല്ലാം ചോദ്യംചെയ്യപ്പെടു ന്നതാണ്" (17:36).

## മണ്ണും മനുഷ്യനും

ഭൂമിയാണ് മനുഷ്യന്റെ ആവാസകേന്ദ്രം. അവന്നുവേണ്ടി അല്ലാ ഹു ഭൂമിയെ ജീവിത യോഗ്യമാക്കിത്തീർത്തു. എന്നാൽ ഇത് ഒരു താൽക്കാ ലിക സങ്കേതം മാത്രമാണെന്നും ഒരു നിശ്ചിതകാലയളവ് വരെ യുള്ള വിഭവമേ മനുഷ്യന് അതിലുള്ളൂവെന്നും അവന്നുവേണ്ടി എല്ലാ സൗകര്യങ്ങളും അതിൽ ഒരുക്കിവെച്ച സ്രഷ്ടാവിനോട് നന്ദി കാണി ക്കേണ്ടത് മനുഷ്യന്റെ ഉത്തരവാദിത്തത്തിൽ പെട്ടതാണെന്നും വിശുദ്ധ ഖുർആൻ ഓർമിപ്പിക്കുന്നു.

"നിങ്ങൾക്ക് ഭൂമിയിൽ ഒരു നിശ്ചിതകാലംവരെയും വാസസ്ഥലവും ജീവിതവിഭവവും ഉണ്ടായിരിക്കും" (2:36).

"നിങ്ങൾക്ക് നാം ഭൂമിയിൽ സ്വാധീനം നൽകുകയും നിങ്ങൾക്കവിടെ നാം ജീവിത മാർഗങ്ങൾ ഏർപ്പെടുത്തു കയും ചെയ്തിരിക്കുന്നു. കുറച്ചു മാത്രമെ നിങ്ങൾ നന്ദി കാണുക്കുന്നുള്ളൂ" (7:10).

ഈ ഭൂമുഖത്ത് സ്രഷ്ടാവ് തനിക്കു നൽകിയ അസ്തിത്വത്തെ അം ഗീകരിക്കുന്ന മനുഷ്യൻ ആ സ്രഷ്ടാവ് തനിക്കുവേണ്ടി ഉൽപാദിപ്പിക്കുന്ന വിഭവങ്ങൾ അവൻ പറയുന്നതുപോലെ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നു: "നിങ്ങൾക്ക് നാം നൽകിയിട്ടുള്ള വിശിഷ്ട മായ വസ്തുക്കളിൽനിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. അതിൽ നിങ്ങൾ അതിർ കവിയരുത്" (20:81).

"സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്ക ളിൽനിന്നും ഭൂമിയിൽനിന്ന് നിങ്ങൾക്ക് നാം ഉൽപാദിപ്പിച്ചു തന്നതി ൽനിന്നും നിങ്ങൾ ചെലവഴി ക്കുവിൻ. കണ്ണടച്ചുകൊണ്ടല്ലാതെ നിങ്ങൾ സ്വീകരിക്കാത്ത മോശമായ സാധനങ്ങൾ (ദാനധർമങ്ങളിൽ) ചെലവഴിക്കുവാ നായി കരുതിവെക്കരുത്" (2:267).

"ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (ആരാധനാ വേളകളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചു കൊള്ളുക. നിങ്ങൾ തിന്നുകയും കുടി ക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യ യംചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ട പ്പെടുന്നില്ല" (7:31).

## ഒളിച്ചോടരുത്

ഉത്തരവാദിത്തങ്ങളിൽനിന്നും ഒളിച്ചോടി, ഇരന്നുനടക്കുന്ന ഭക്തനായി മാറാൻ ഇസ്ലാം അനുവദിക്കുന്നില്ല. അധ്വാനി ക്കണം; കുടുംബ ജീവിതം നയിക്കണം; സ്രഷ്ടാവിനോടുള്ള കടമകൾ നിർവഹിക്കുന്നതോടൊപ്പം സഹജീവികളോടുള്ള കടമയും നിറവേറ്റണം. എന്നാൽ അത്യന്തിക ലക്ഷ്യം ഐഹികവിഭവ സമാഹരണവും സുഖാസ്വാദനവുമായിരി ക്കരുത്. മരണത്തെ മറന്നുകൊണ്ട് ഭൗതിക ജീവിതത്തോട് അത്യാസക്തി കാണിക്കുന്നത് ഇസ്ലാം വെറുക്കുന്നു. സ്രഷ്ടാവ് നൽകിയ ഏതേത് അനുഗ്രഹങ്ങളുണ്ടോ അതുകൊണ്ടെല്ലാം സ്രഷ്ടാവിന്റെ പ്രീതി സമ്പാദിക്കാനാണ് മനുഷ്യൻ പരിശ്രമി ക്കേണ്ടത്. അല്ലാഹു പറയുന്നു:

"അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോക വിജയം തേടുക. ഐഹിക ജീവിതത്തിൽനിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നന്മ ചെയ്തതു പോലെ നീയും നന്മ ചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നത ല്ല" (28:77).

ഏറ്റവും വലിയ ഉത്തരവാദിത്തം സ്രഷ്ടാവിന്റെ ആജ്ഞാ നിർദേശങ്ങൾ മുഴുവനും അനുസരിക്കാൻ മനുഷ്യൻ പ്രതിജ്ഞാബദ്ധനാണ്. മനുഷ്യന്റെ പ്രഥമവും പ്രധാനവുമായ കർതവ്യം സ്രഷ്ടാവിനെ മാത്രം ആരാധിക്കുക എന്നതാണ്. അല്ലാഹു പറയുന്നു:

"എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ജിന്നുകളെയും മനുഷ്യ രെയും നാം സൃഷ്ടിച്ചിട്ടില്ല"

"തീർച്ചയായും അല്ലാഹുവല്ലാതെ ആരാധനക്കർഹമായി ഒന്നുമില്ല എന്ന് നീ മനസ്സിലാക്കുക" (47:19).

"ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെമുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ" (2:21).

"അല്ലാഹുവിനു പുറമെ, നിനക്ക് ഉപകാരം ചെയ്യാത്തതും ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർഥിക്ക രുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും" (10:106).

ഉസ്മാൻ പാലക്കാഴി

وصلى الله وسلم على نبينا محمد وآله وصحبه أجمعين.

************